# വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖകൾ

രേഖകൾ സാക്ഷ്യപ്പെടുത്തി കിട്ടുന്നതിന് സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് വെള്ളക്കടലാസിൽ അതിനോടനുബന്ധിച്ച് ഉള്ളടക്കം ചെയ്യുന്ന രേഖ (കൾ) സാക്ഷ്യപ്പെടുത്തി തരണ മെന്ന് കാണിച്ച് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയിൽ ഒരു രേഖ സാക്ഷ്യപ്പെടുത്തുന്നതിന് 10 രൂപ എന്ന ക്രമത്തിൽ കോർട്ട് ഫീ സ്റ്റാമ്പും പതിച്ചിരിക്കേണ്ടതാണ്. സ്റ്റാമ്പ് പതിച്ചിട്ടില്ലാത്ത അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. സ്റ്റാമ്പിനു പകരം മുദ്രപത്രത്തിൽ നൽകുന്ന അപേക്ഷകളും സ്വീകരിക്കുന്നതല്ല.

രേഖകൾ സാക്ഷ്യപ്പെടുത്തി കിട്ടുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ സെക്രട്ടറിയേറ്റിലെ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ നേരിട്ട് സ്വീകരിക്കുന്നതും, രേഖകളുടെ വിശ്വാസ്യത അന്വേഷണ/പരിശോധന വിധേയമാക്കിയതിനുശേഷം സാക്ഷ്യപ്പെടുത്തി ഉച്ചതിരിഞ്ഞു 3.30 മുതൽ വൈകിട്ട് 5.00 വരെ അവ കൈപറ്റിയതായി രസീത് വാങ്ങി ബന്ധപ്പെട്ടവർക്ക് മടക്കി നൽകുന്നതുമാണ്.

സംസ്ഥാനത്തിനകത്തുള്ള ഉത്തരവാദപ്പെട്ട അധികാരികൾ നൽകിയ രേഖകളും സർട്ടിഫിക്കറ്റുകളും മാത്രമേ സാക്ഷ്യപ്പെടുത്തി നൽകുകയുള്ളു. മറ്റു സംസ്ഥാനങ്ങളിൽ നിന്നോ യൂണിയൻ ഭരണ പ്രദേശങ്ങളിൽ നിന്നോ ലഭിച്ചിട്ടുള്ള രേഖകളും സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിക്കിട്ടേണ്ടതിന് ബന്ധപ്പെട്ട സർക്കാരുകളെ സമീപിക്കേണ്ടതാണ്.

സാക്ഷ്യപ്പെടുത്തക്കിട്ടേണ്ട രേഖകൾ പരിശോധനയ്ക്ക് അഥവാ അന്വേഷണത്തിന് വിധേയമാക്കുമ്പോൾ എന്തെങ്കിലും സംശയങ്ങളോ, പോരായ്മകളോ തെറ്റുകളോ കുറവുകളൊ ഉള്ളതായി കണ്ടാൽ അവ പരിഹരിച്ച് അപേക്ഷ പുന:സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്. ഈ കാര്യത്തിൽ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും.

1952 -ലെ നോട്ടറീസ് ആക്ട് അനുസരിച്ച് നോട്ടറികളുടെ നിയമന ഉത്തരവിൽ അഥവ അതിനോടനുബന്ധിച്ചുള്ള വിജ്ഞാപനത്തിൽ, അവർക്ക് പ്രാക്ടീസ് ചെയ്യുന്ന നോട്ടറിമാരെക്കൊണ്ട് മാത്രമേ രേഖകൾ സാക്ഷ്യപ്പെടുത്താവൂ. അതുപോലെ എല്ലാ നോട്ടറിമാരും തങ്ങളുടെ മാതൃകാ കൈയ്യൊപ്പും, സീലും തങ്ങളുടെ ലേഖശീർഷത്തിൽ (വിജ്ഞാപനത്തിൽ പറയും പോലെ) ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിലേക്ക് നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നോട്ടറിമാരുടെ നിയമന ഉത്തരവുകളും കൈയ്യൊപ്പും സീലും ബന്ധപ്പെട്ട രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിനു ശേഷം മാത്രമേ രേഖകൾ സാകഷ്യപ്പെടുത്തി നൽകുകയുള്ളൂ. രേഖകളിൽ നോട്ടറിയുടെ ഒപ്പും, പേരും, സീലും വ്യക്തമായി കാണാൻ കഴിയുന്ന വിധത്തിൽ പതിച്ചിരിക്കേണ്ടതാണ്.

നോട്ടറിമാർ സാക്ഷ്യപ്പെടുത്തിയശേഷം ഉപരിസാക്ഷ്യപ്പെടുത്തലിനായി ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ സമർപ്പിക്കേണ്ട രേഖകൾ താഴെ പറയുന്നവയാണ്.

ജനനമരണ രജിസ്ട്രാറുകളിൽ നിന്നും ലഭിക്കുന്ന ജനന/മരണ സർട്ടിഫിക്കറ്റുകൾ, ക്ഷേത്രങ്ങൾ/മുസ്ലീം ക്രിസ്ത്യൻ ദേവലായങ്ങൾ, ഇവയുമായി ബന്ധപ്പെട്ട മറ്റ് അംഗീകൃത സ്ഥാപനങ്ങൾ, വിവാഹ രജിസ്ട്രാർ തുടങ്ങിയവർ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റുകൾ, സത്യവാങ്മൂലം, മുക്ത്യാർ, തഹസീൽദാർമാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റ്, കോടതികൾ മുഖേന ലഭിക്കുന്ന പിന്തുടർച്ചാവാകാശ സർട്ടിഫിക്കറ്റ്, അംഗീകൃത ഡോക്ടർമാർ നൽകുന്ന മെഡിക്കൽ/ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സർക്കാർ അംഗീകരിച്ചിട്ടുള്ള/സർക്കാർ സഹായമുള്ള വിദ്യാലയങ്ങളിൽ നിന്നും നിർദ്ദിഷ്ട രൂപരേഖയിൽ ലഭിക്കുന്ന വിടുതൽ സർട്ടിഫിക്കറ്റുകൾ, കോടതി ഉത്തരവുകൾ, പോളിസി സർട്ടിഫിക്കറ്റുകൾ.

പേര് മാറ്റം/ജനന തീയതി, കോടതി ഉത്തരവുകൾ, എന്നിവയെ സംബന്ധിച്ചുള്ള സത്യവാങ്മൂലം സാക്ഷ്യപ്പെടുത്തുന്നതിന് അംഗീ കൃത രേഖകൾകൂടി ഹാജരാക്കേണ്ടതാണ്. വിവാഹ സത്യവാങ്മൂലമോ/ സർട്ടിഫിക്കറ്റുകളോ സാക്ഷ്യപ്പെടുത്തുന്നതിന് പുരുഷനും സ്ത്രീയും തമ്മിൽ

ഏത് സ്ഥലത്തുവച്ച് എന്ന് വിവാഹം കഴിഞ്ഞുവെന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

മരണാനന്തര പ്രതിഫലം ലഭിക്കേണ്ട കേസ്സുകളിൽ മുക്ത്യാർ /സത്യവാങ്മൂലം സാക്ഷ്യപ്പെടുത്താൻ അവകാശ/പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സലോ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഹാജരാക്കേണ്ടതും അവ പരിശോധനയ്ക്കുശേഷം മടക്കി നൽകുന്നതുമാണ്. അവകാശ/പിൻതുടർച്ചാവകാശ സർട്ടിഫുക്കറ്റുകളിൽ അവകാശികളായി പറയുന്ന എല്ലാവർക്കുമായോ, ഏതാനും പേർക്ക് മാത്രമായോ, ഒരാംക്ക് മാതമായോ അക്കാര്യം എടുത്തു പറഞ്ഞ് സാകഷ്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള മുക്ത്യാർ തയ്യാറാക്കേണ്ടതാണ്. അങ്ങനെ വ്യക്തമായി പറയാത്ത മുക്ത്യാർ യാതൊരു കാരണവശാലും സാക്ഷ്യപ്പെടുത്തി നൽകില്ല. സത്യവാങ്മൂലം, മുക്ത്യാർ എന്നിവയിൽ തിരുത്തലുകൾ ഉണ്ടാകാൻ പാടില്ലാത്തതുമാണ്.

സർക്കാർ വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അംഗീകൃതസർവ്വകാലശാലകൾ, പരീക്ഷ കമ്മീഷണർ, അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നൽകുന്ന വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ/മാർക്കു ലിസ്റ്റുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ എന്നിവ അതിന്റെ നിജസ്ഥിതി ബന്ധപ്പെട്ട അധികാരികളിൽ നിന്നും അന്വേഷിച്ചറിഞ്ഞശേഷമേ സാക്ഷ്യപ്പെടുത്തുകയുള്ളു. ഇത്തരം സർട്ടിഫിക്കറ്റുകൾ നോട്ടറി മുഖാന്തിരം സാക്ഷ്യപ്പെടുത്തേണ്ടതില്ല.

കൂടാതെ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ അല്ലാതെ മറ്റു ഭാഷകളിൽ തയ്യാറാക്കുന്ന രേഖകളുടെ പകർപ്പുകൾ സർക്കാർ കോളേജിലെ അതാത് ഭാഷാവിഭാഗം അദ്ധ്യാപകർ സാക്ഷ്യപ്പെടുത്തണം.

പൊതുജനങ്ങൾ മേൽപറഞ്ഞ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മാത്രം അപേക്ഷകൾ തയ്യാറാക്കി സമർപ്പിച്ച് രേഖകൾ സാക്ഷ്യപ്പെടുത്തി വാങ്ങാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.